# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-1/163/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-1/163/2022 തീയ്യതി: 19/03/2022

## ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2021 മുതൽ 29-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 27-12-2021 | 01-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-12-2021 | 01-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ്. എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ശ്രീദേവി. പി,ഓഡിറ്റ് ഓഫീസർ
ശ്രീ. രാജീവ്. ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സിജി ജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. ജോർജ്ജ് മാത്യു | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി ജലജ കുമാരി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. ആഷ്‌ലി നായർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.കാർത്തിക | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതിബിന്ദുമോൾ.കെ. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീ. ജീവൻകുമാർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.ശ്രീമതി.സ്മിത.എം. നായർ. | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. ശ്രീ.ആദർശ്.കെ. | മെഡിക്കൽ ഓഫീസർ. (സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. ശ്രീമതി.സെറിൻ സേവ്യർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.സിന്ധു.ജിങ്ക ചോക്കോ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 01-04-2020 | 03-11-2020 |
| ശ്രീമതി. സുനിഷ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 04-11-2020 | 31-03-2021 |
| ശ്രീമതി. പ്രമീള. പി. | വി.ഇ.ഒ, ചമ്പക്കുളം സർക്കിൾ. | 01-04-2020 | 31-03-2021 |
| ശ്രീമതി. ബോബിമോൾ.കെ.ബി. | വി.ഇ.ഒ,തെക്കേക്കര സർക്കിൾ. | 01-04-2020 | 31-03-2021 |
| ശ്രീമതി. മിനി തങ്കപ്പൻ. | എച്ച്.എം. | 01-04-2020 | 22-06-2020 |
| ശ്രീമതി. സിമി ജോർജ്ജ്. | എച്ച്.എം. | 23-06-2020 | 14-02-2021 |
| ശ്രീമതി. മേഴ്സി ലോറൻസ്. | എച്ച്.എം. | 15-02-2021 | 31-03-2021 |
| ശ്രീ. ശ്രീകുമാർ.ആർ. | അസി.സെക്രട്ടറി. | 01-04-2020 | 31-03-2021 |
| ശ്രീമതി. രാജി.ആർ നായർ. | ഡയറി ഫാം ഇൻസ്പക്ടർ. | 01-04-2020 | 31-03-2021 |

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി - 12-11-20 മുതൽ 20-12-20 വരെ

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: S.Suresh (Audit Officer (HG), On 01-01-2022)<br>Last Updated By: S.Suresh (Audit Officer (HG), On 01-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: S.Suresh (Audit Officer (HG), On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികാ പരിശോധന - അപാകതകൾ<br>Written By: Rajeev.R (Senior Grade Auditor, On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-2-1 |
| 4 | വാർഷിക ധനകാര്യ പത്രിക - മറ്റ് അപാകതകൾ<br>Written By: Rajeev.R (Senior Grade Auditor, On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-2-2 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: S.Suresh (Audit Officer (HG), On 01-01-2022)<br>Last Updated By: S.Suresh (Audit Officer (HG), On 01-01-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം ACR പ്രകാരം<br>Written By: S.Suresh (Audit Officer (HG), On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: S.Suresh (Audit Officer (HG), On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.Suresh (Audit Officer (HG), On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: S.Suresh (Audit Officer (HG), On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: S.Suresh (Audit Officer (HG), On 01-01-2022)<br>Last Updated By: S.Suresh (Audit Officer (HG), On 01-01-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: S.Suresh (Audit Officer (HG), On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-9 |
| 12 | ഓഡിറ്റ് ഇംപാക്ട്<br>Written By: Rajeev.R (Senior Grade Auditor, On 03-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-10 |
| 13 | രസീത് പരിശോധന – അപാകതകൾ<br>Written By: Siji (Auditor, On 02-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-11 |
| 14 | കൃഷിഭവൻ - രസീത് പിരിവിലെ അപാകതകൾ<br>Written By: Siji (Auditor, On 02-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-12 |
| 15 | വസ്തു നികുതി ഡിമാന്റിലുള്ള അപാകതകൾ<br>Written By: Rajeev.R (Senior Grade Auditor, On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-13 |
| 16 | വസ്തു നികുതി കളക്ഷൻ- രസീത് വിവരങ്ങളില്ല<br>Written By: Rajeev.R (Senior Grade Auditor, On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-14 |
| 17 | ഡി & ഒ ലൈസൻസ് പരിശോധന - അപാകതകൾ<br>Written By: Siji (Auditor, On 02-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-15 |

| | | |
|---|---|---|
| 18 | ഡി & ഒ. ലൈസൻസ് - തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Siji (Auditor, On 02-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-16 |
| 19 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Rajeev.R (Senior Grade Auditor, On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 14-03-2022) | 1-17 |
| 20 | സ്ഥാപന നികുതി, ട്രേഡർമാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല<br>Written By: Rajeev.R (Senior Grade Auditor, On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-18 |
| 21 | മരണം റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം - മരണശേഷവും പെൻഷൻ നല്കുവാനിടയാകുന്നു<br>Written By: Siji (Auditor, On 02-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-19 |
| 22 | കെ.എസ്.ഇ.ബി. സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജ് -വൈദ്യുതി വിളക്കുകളുടെ കൃത്യമായ കണക്കില്ല<br>Written By: Siji (Auditor, On 02-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-20 |
| 23 | ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം - ഫൈൻ ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer (HG), On 02-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-21 |
| 24 | ടാർവീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കി<br>Written By: S.Suresh (Audit Officer (HG), On 02-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-22 |
| 25 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു<br>Written By: S.Suresh (Audit Officer (HG), On 02-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-23 |
| 26 | സംരക്ഷണ ഭിത്തി നിർമ്മാണത്തിന് എർത്ത് വർക്ക് എസ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 02-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-24 |
| 27 | കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും- പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല<br>Written By: Rajeev.R (Senior Grade Auditor, On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-25 |
| 28 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം - സ്റ്റീൽ റീ ഇൻഫോഴ്സ്മെൻറ് എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്തിയില്ല<br>Written By: S.Suresh (Audit Officer (HG), On 02-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 1-26 |
| 29 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അർഹമായ തുക നൽകിയില്ല<br>Written By: P. Sreedevi (Audit Officer, On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 1-27 |
| 30 | ഉയർന്ന ഗ്രേഡിലുള്ള സിമന്റ് മോർടാർ ഉപയോഗിച്ചുള്ള കല്ലുകെട്ട് അധികച്ചെലവിനിടയാക്കി<br>Written By: S.Suresh (Audit Officer (HG), On 02-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 1-28 |
| 31 | സാന്ത്വന പരിചരണ പരിപാടി-അധിക ചെലവ്<br>Written By: Rajeev.R (Senior Grade Auditor, On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 1-29 |

| | | |
|---|---|---|
| 32 | വാട്ടർ അതോറിട്ടിക്കു വെള്ളക്കരം- സംയുക്തപരിശോധന നടത്തുന്നില്ല<br>Written By: P. Sreedevi (Audit Officer, On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 1-30 |
| 33 | ചമ്പക്കുളം പടിപ്പുരയ്ക്കൽ ക്ഷേത്രത്തിനു സമീപമുള്ള ട്യൂബ് വെല്ലിന് മോട്ടോറും അനുബന്ധസൗകര്യങ്ങളും -- പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല - ചെലവുതുക തടസ്സപ്പെടുത്തുന്നു<br>Written By: P. Sreedevi (Audit Officer, On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 1-31 |
| 34 | ലൈഫ് പദ്ധതി- പണം കൈപ്പറ്റിയവർ വീടു പണി പൂർത്തിയാക്കുന്നില്ല<br>Written By: Rajeev.R (Senior Grade Auditor, On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 1-32 |
| 35 | ഹോമിയോ മരുന്നു ലഭ്യമാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു<br>Written By: P. Sreedevi (Audit Officer, On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 1-33 |
| 36 | ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Rajeev.R (Senior Grade Auditor, On 01-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 1-34 |
| 37 | പഞ്ചായത്തിൽ നടപ്പിലാക്കിയ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ<br>Written By: P. Sreedevi (Audit Officer, On 03-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സംരക്ഷണ ഭിത്തി നിർമ്മാണത്തിന് എർത്ത് വർക്ക് എസ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 02-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S.Suresh (Audit Officer (HG), On 03-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: S.Suresh (Audit Officer (HG), On 03-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: S.Suresh (Audit Officer (HG), On 03-01-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-01-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: S.Suresh (Audit Officer (HG), On 03-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: S.Suresh (Audit Officer (HG), On 03-01-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: S.Suresh (Audit Officer (HG), On 03-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: S.Suresh (Audit Officer (HG), On 03-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: S.Suresh (Audit Officer (HG), On 03-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S.Suresh (Audit Officer (HG), On 03-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: S.Suresh (Audit Officer (HG), On 03-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് -അംഗീകരിച്ച തീരുമാനം നമ്പർ-- 1(1) തീയതി 05-03-20

| | |
|---|---|
| ബജററ് പ്രകാരമുള്ള വരവ് | 121482999 |
| ബജറ്റ് പ്രകാരമുള്ള ചെലവ് | 120192500 |

പുതുക്കിയ ബജറ്റ് -അംഗീകരിച്ച തീരുമാനം നമ്പർ-- 1 തീയതി 15-02-21

| | |
|---|---|
| പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് | 150113738 |
| പുതുക്കിയ ബജറ്റ് പ്രകാരമുള്ള ചെലവ് | 141611506 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31-07-21 | 01-06-21 |

## 1-2-1 വാർഷിക ധനകാര്യ പത്രികാ പരിശോധന - അപാകതകൾ

1. 31.03.21 ലെ വിവിധ അക്കൗണ്ടുകളിലെ നീക്കിയിരിപ്പുകളുടെ കൃത്യത ബാങ്ക് ബുക്കുകളും റെക്കൺസിലിയേഷനുമായി പരിശോധിച്ചപ്പോൾ ചില ചെക്കുകൾ മൂന്നു മാസത്തിനു ശേഷവും ബാങ്കിൽ ഹാജരാക്കാതെ അവശേഷിക്കുന്നതായി കണ്ടു. ഈ സ്റ്റേൽ ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. വിശദ വിവരം താഴെച്ചേർക്കുന്നു.

| ക്രമ നം | കോഡ് നം. | ബാങ്ക്/ അക്കൗണ്ട് നമ്പർ | ചെക്ക് നമ്പർ/ തീയതി | തുക | ചെക്കിന്റെ കാലാവധി തീരുന്ന ദിവസം |
|---|---|---|---|---|---|
| 1 | 450220102 | ഫെഡറൽ ബാങ്ക് തനത് ഫണ്ട് / 11540100252024 | 224723/23.03.21 | 350 | 22.06.21 |
| 2 | 450230102 | തെക്കേക്കര സഹകരണ ബാങ്ക് /1700 | 10867/17.03.21<br>10869/31.03.21 | 920 | 16.06.21 |

2. 31.03.21 ലെ നീക്കിയിരുപ്പുകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് തുടർന്നുള്ള മാസങ്ങളിലെ റെക്കൺസിലിയേഷൻ പരിശോധിക്കേണ്ടതാണ്. എന്നാൽ തെക്കേക്കര സഹകരണ ബാങ്കിലെ അക്കൗണ്ട് നമ്പർ 1700(ഹെഡ്-450230102) – പ്രതിമാസ റീക്കൺസിലിയേഷൻ 2021 എപ്രിൽ മുതൽ ചെയ്തിട്ടില്ല.

3. ജോയിന്റ് വെൻചർ പ്രോജക്ടുകൾക്കായി ട്രഷറിയിൽ ജോയിന്റ് വെൻചർ അക്കൗണ്ട് തുടങ്ങിയിട്ടില്ല. പകരം തുകകൾ ജനറൽ പർപ്പസ് ഗ്രാന്റിനായുള്ള അക്കൌണ്ടിൽ സൂക്ഷിക്കുന്നു.

4. വസ്തു നികുതി കുടിശ്ശിക – സാംഖ്യ, സഞ്ചയ് തുകകൾ പൊരുത്തപ്പെടുന്നില്ല.

31.03.20 ലെ അരിയർ ഡിമാന്റ് (സാംഖ്യ) - റെസിഡൻഷ്യൽ ബിൽഡിംഗ്- 62893

നോൺ റെസിഡെൻഷ്യൽ ബിൽഡിംഗ്-313031

സഞ്ചയ് സോഫ്റ്റ്‌വെയർ പ്രകാരം- റെസിഡൻഷ്യൽ ബിൽഡിംഗ്- 75668

നോൺ റെസിഡെൻഷ്യൽ ബിൽഡിംഗ്- 311241

5. മുൻ വർഷങ്ങളിലെ പ്ലാൻ ഫണ്ട് തുകകൾ വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവരുടെ സേവിംഗ്സ് ബാങ്ക് അക്കൌണ്ടുകളിൽ ഇപ്പോഴും ബാക്കി നിൽക്കുന്നു. ഇത് കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കിയില്ല.

## 1-2-2 വാർഷിക ധനകാര്യ പത്രിക - മറ്റ് അപാകതകൾ

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ താഴെപ്പറയുന്ന ലയബിലിറ്റി ഹെഡ്ഡുകളിൽ പഞ്ചായത്തിന് ഉപയോഗിക്കാൻ കഴിയാത്ത തുകകൾ ദീർഘകാലമായി അവശേഷിക്കുന്നു.

| Code No | Particulars | Amount | Remarks |
|---|---|---|---|
| 320100101 | Grants For Specific Purpose | 379226 | ദീർഘകാലമായി ലയബിലിറ്റി ഹെഡ്ഡിൽ അവശേഷിക്കുന്നതും പഞ്ചായത്തിന് ഉപയോഗിക്കാൻ കഴിയാത്തതുമായ തുക കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കാവുന്നതാണ്. ഇത് സംബന്ധിച്ച ഉചിതമായ തീരുമാനമെടുക്കേണ്ടതാണ്. |
| 320100199 | M.N. Laksham Veedu | 8066 | ദീർഘകാലമായി ലയബിലിറ്റി ഹെഡ്ഡിൽ അവശേഷിക്കുന്നതും പഞ്ചായത്തിന് ഉപയോഗിക്കാൻ കഴിയാത്തതുമായ തുക കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കാവുന്നതാണ്. ഇത് സംബന്ധിച്ച ഉചിതമായ തീരുമാനമെടുക്കേണ്ടതാണ്. |
| 320200305 | State Sponsord Fund | 188959 | ദീർഘകാലമായി ലയബിലിറ്റി ഹെഡ്ഡിൽ അവശേഷിക്കുന്നതും പഞ്ചായത്തിന് ഉപയോഗിക്കാൻ കഴിയാത്തതുമായ തുക കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കാവുന്നതാണ്. ഇത് സംബന്ധിച്ച ഉചിതമായ തീരുമാനമെടുക്കേണ്ടതാണ്. |
| 320200309 | Literacy Scheme Grant | 118510 | ദീർഘകാലമായി ലയബിലിറ്റി ഹെഡ്ഡിൽ അവശേഷിക്കുന്നതും പഞ്ചായത്തിന് ഉപയോഗിക്കാൻ കഴിയാത്തതുമായ തുക കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കാവുന്നതാണ്. ഇത് സംബന്ധിച്ച ഉചിതമായ തീരുമാനമെടുക്കേണ്ടതാണ്. |
| 320700404 | Contributions From Block Panchayats | 200000 | തുകകൾ ജോയന്റ് വെൻചർ അക്കൗണ്ടിലല്ല സൂക്ഷിച്ചിട്ടുള്ളത്. ദീർഘകാലമായി ലയബിലിറ്റി ഹെഡ്ഡിൽ അവശേഷിക്കുന്നതും പഞ്ചായത്തിന് ഉപയോഗിക്കാൻ കഴിയാത്തതുമായ തുക കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കാവുന്നതാണ്. ഇത് സംബന്ധിച്ച ഉചിതമായ തീരുമാനമെടുക്കേണ്ടതാണ്. |
| 320700405 | Contributions From District Panchayats | 740000 | തുക ജോയന്റ് വെൻചർ അക്കൗണ്ടിലല്ല സൂക്ഷിച്ചിട്ടുള്ളത്. ദീർഘകാലമായി ലയബിലിറ്റി ഹെഡ്ഡിൽ അവശേഷിക്കുന്നതും പഞ്ചായത്തിന് ഉപയോഗിക്കാൻ കഴിയാത്തതുമായ തുക കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കാവുന്നതാണ്. ഇത് സംബന്ധിച്ച ഉചിതമായ തീരുമാനമെടുക്കേണ്ടതാണ്. |
| 320900299 | Other Awards From State Government | 2,00,000 | ദീർഘകാലമായി ലയബിലിറ്റി ഹെഡ്ഡി ൽ അവശേഷിക്കുന്നതും പഞ്ചായത്തിന് ഉപയോഗിക്കാൻ കഴിയാത്തതുമായ തുക കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കാവുന്നതാണ്. ഇത് സംബന്ധിച്ച ഉചിതമായ തീരുമാനമെടുക്കേണ്ടതാണ്. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കുന്നതിന് അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനമെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2. പഞ്ചായത്തിന് ലഭിക്കാനുള്ള താഴെപ്പറയുന്ന തുകകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. തുകകൾ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. സത്വര നടപടികൾ സ്വീകിരിക്കേണ്ടതാണ്.

| Code No | Particulars | Amount | Remarks |
|---|---|---|---|
| 460100103 | Temporary Advance For Official Purpose | 13,150 | |
| 460500501 | Advance To Implementing Officers | 1,000 | |

| | | | |
|---|---|---|---|
| 460509901 | Advance To Others | 130788 | ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തെറ്റായി ചേർത്ത 400രൂപ ഉൾപ്പടെ ആകെ ലഭിക്കാനുള്ളത് 293340 - 162552 (ലഭിച്ച തുക) |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11314006 |
| വരവ് | 54584540 |
| ആകെ | 65898546 |
| ചെലവ് | 56285264 |
| നീക്കിയിരിപ്പ് | 9613282 |

## 1-4 ഗ്രാന്റ് വിനിയോഗം ACR പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16626953 | 16626953 | 15439646 | 1187307 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 3499862 | 3499862 | 3082437 | 417425 |
| വികസന ഫണ്ട് (റ്റി.എസ്.പി | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3462000 | 3462000 | 2956739 | 505261 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3941726 | 3941726 | 2620474 | 1321252 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | 0 | 8681268 | 8681268 | 7245229 | 1436039 |
| 3-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | 0 | 4200000 | 4200000 | 1787620 | 2412380 |

സ്രോതസിൽ നിന്നും കുറവു വരുത്തിയത്

വികസന ഫണ്ട് (ജനറൽ) - 775647

വികസന ഫണ്ട് (എസ്.സി.പി.)- 73138

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 152 | 28300000 | 65 | 135120000 | 48 | 39 | 43 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7023 | 1678395 | 1685418 | 1680540 | 4878 |
| ഗുണഭോക്താക്കൾക്ക് | | 41774050 | 41774050 | 41774050 | |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകിയത് | | | | | |
| ആകെ | 7023 | 43452445 | 43459468 | 43454590 | 4878 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9840 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 16367200 | 12009 |
| വിധവാപെൻ ഷൻ | 6512400 | 4580 |
| വാർദ്ധക്യകാല പെൻഷൻ | 13504300 | 10498 |
| വികലാംഗപെൻഷൻ | 3113400 | 2391 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിത കൾക്കുള്ള ധനസഹായം | 459800 | 334 |
| വിധവകളുടെ പെൾമക്കളുടെ വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31-12-21 ന് ക്യാഷ് കൗണ്ടർ ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17446/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. താഴെപ്പറയുന്നവ കൂടി പരിഗണിച്ച് അഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

2.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4. വിവിധ നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി വർഷാവസാനം സംക്ഷിപ്ത വിവരം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5.ട്രേഡേഴ്സിന്റെ തൊഴിൽ നികുതി രജിസ്റ്ററിൽ എല്ലാവിവരങ്ങളും രേഖപ്പെടുത്തുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

6.മാന്യുവൽ രസീതുകളിലും സാംഖ്യ രസീതുകളിലും ക്യാൻസൽ ചെയ്യുന്ന രസീതുകളിൽ കൃത്യമായ കാരണം രേഖപ്പടുത്തി സെക്രട്ടറിയോ ചുമതലപ്പെട്ട ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തുന്നില്ല.

7.ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുക ൾ ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതലയിൽ ഒതുക്കിയിരിക്കുന്നതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്.

8.തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായമാക്കിയാൽ കറന്റ് ചാർജ് വീണ്ടും കുറയുമെന്നുള്ളതിനാൽ ഇവ മീറ്റേഡ് സിസ്റ്റത്തിലാക്കാൻ ശ്രമിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ഓഡിറ്റ് ഇംപാക്റ്റ്

അസിസ്റ്റന്റ് എൻജിനീയർ, ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ പ്ലാൻ ഫണ്ടിന്റെ ഭാഗമായുണ്ടായിരുന്ന മുൻ വർഷങ്ങളിലെ നീക്കിയിരിപ്പ് 20,061 രൂപ ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി (ചെലാൻ നമ്പർ കെ.എൽ.020516682202122 തീയതി 01.01.2022) അക്കൗണ്ട് ക്ലോസ് ചെയ്തു.

## 1-11 രസീത് പരിശോധന – അപാകതകൾ

ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ രസീത് പരിശോധന, പണം അടവാക്കൽ- പിൻവലിക്കൽ എന്നിവയുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

1. പഞ്ചായത്തിൽ നിന്നും കെട്ടിടനികുതി പിരിച്ചവയിൽ ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാ :- 20114 - 15, 42

20110 - 26,

12282 - 81

2. അസിസ്റ്റന്റ് എഞ്ചിനീയർ TR 7A ഫോം പ്രകാരമുള്ള കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അതാതു ദിവസത്തെ കളക്ഷൻ രസീതുകളുടെ പുറകിൽ പഞ്ചായത്തിൽ നിന്നുള്ള സാംഖ്യ രസീത് ചേർത്തുവയ്ക്കുകയാണ് ചെയ്തിരിക്കുന്നത്.

അപാകതകൾ പരിഹരിക്കുന്നതിന് മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 കൃഷിഭവൻ - രസീത് പിരിവിലെ അപാകതകൾ

1. കൃഷി ഭവനിൽ ഉപയോഗിച്ച രസീത് ബുക്കുകളിലെ താഴെപ്പറയുന്ന രസീതുകളിൽ ഡബിൾസൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

| രസീത് ബുക്ക് നം. | രസീത് നം. |
|---|---|
| 20104 | 1 മുതൽ 100 വരെ |
| 20112 | 1 മുതൽ 100 വരെ |
| 20111 | 1 മുതൽ 50 വരെ |

ഇതിൽ 20111 -ാം നമ്പർ ബുക്കിലെ 1 മുതൽ 50 വരെയുള്ള രസീതുകളിൽ തീയതി മാത്രം ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയിരിക്കുന്നു. രസീതുകളിലെ മറ്റു വിവരങ്ങൾ എഴുതുന്നതിനായി ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

2. 20 Kg. Vermi Composit വിതരണം ചെയ്യുന്നതിന് 75/- രൂപ പ്രകാരമാണ് ഈടാക്കേണ്ടത്. എന്നാൽ രസീത് ബുക്ക് നം.20120, രസീത് നം. 84, 86, 87, 88 എന്നിവയിൽ 175/- രൂപയ്ക്കാണ് രസീത് എഴുതിയിരിക്കുന്നത്. പിന്നീട് രസീതുകളുടെ മുൻവശത്ത് തിരുത്തൽ വരുത്തി 75/- രൂപ എന്നാക്കിയിരിക്കുന്നു. അക്ഷരത്തിൽ എഴുതിരിക്കുന്നത് നൂറ്റി എഴുപത്തിയഞ്ച് രൂപ എന്നുതന്നെയാണ്. ആയത് തിരുത്തൽ വരുത്തിയിട്ടുമില്ല. കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതും പഞ്ചായത്തിൽ അടവാക്കിയിരിക്കുന്നതും 75 രൂപയാണ്. രസീതുകളുടെ പുറകുവശത്തുള്ള ഡബിൾ സൈഡ് കാർബൺ കോപ്പിയിലും 175/- രൂപ ഈടാക്കിയിരിക്കുന്നതായാണ് കാണുന്നത്. മേൽ അപാകതകൾ കൃഷി ഭവനിലെ രസീതുപിരിവിലെ സുതാര്യതയില്ലായ്മയാണ് കാണിക്കുന്നത്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( ) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി ഡിമാന്റിലുള്ള അപാകതകൾ

1. തോമസ് കുട്ടി, കോട്ടഭാഗം 2/161, പുളിങ്കുന്ന്, പുഷ്പകുമാർ, തീർത്ഥം, അമിച്ചകരി 5/118A, ചന്ദ്രശേഖരൻ പിള്ള കൈലത്തു പറമ്പ് 6/93, ജേക്കബ് ജോർജ്, നാരകത്തറ 8/104B, ജോസഫ് ജെ, നെടുവേലിൽ, അമിച്ചകരി, 10/251C, ജേക്കബ് മാത്യു, മാപ്പിളശ്ശേരി, അമിച്ചകരി, 11/254C എന്നിവരുടെ നികുതി വാങ്ങിയിരിക്കുന്നത് ഡിമാന്റിടാതെയാണ്. ഡിമാന്റ് വിവരങ്ങൾ കൃത്യമാക്കിയില്ലെങ്കിൽ പിന്നീട് ബുക്ക് അഡ്ജസ്റ്റ്മെന്റിലും അതിന്റെ ഫലം നിഴലിക്കുന്നതിനാൽ, ഡിമാന്റ് വിവരങ്ങൾ കൃത്യമാക്കി അറിയിക്കേണ്ടതാണ്.

2. ജോസഫ് നെടുവേലിച്ചിറ, അമിച്ചകരി10/251C, ജേക്കബ് മാത്യു മാപ്പിളശ്ശേരി 11/254C എന്നിവരെ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഡിമാന്റിൽ കുറവ് വരുത്തിയിട്ടില്ല. ഡിമാന്റ് വിവരങ്ങൾ കൃത്യമാക്കിയില്ലെങ്കിൽ പിന്നീട്

ബുക്ക് അഡ്ജസ്റ്റ്മെന്റിലും അതിന്റെ ഫലം നിഴലിക്കുന്നതിനാൽ, ഡിമാന്റ് വിവരങ്ങൾ കൃത്യമാക്കി അറിയിക്കേണ്ടതാണ്. ഓഡിറ്റ് എന്ക്വയറിക്കുള്ള മറുപടി പരിഗണിച്ചിട്ടുണ്ട്.

## 1-14 വസ്തു നികുതി കളക്ഷൻ- രസീത് വിവരങ്ങളില്ല

താഴെപ്പറയുന്നവരുടെ വസ്തു നികുതി കളക്ഷൻ ചേർത്തിരിക്കുന്നത് രസീത് വിവരങ്ങളില്ലാതെയാണ്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | പേര്, മേൽ വിലാസം | വർഷം |
|---|---|---|---|
| 1 | 4/257 ബി | ഗീതമ്മ, കെ.സി. അഭിജിത് ഭവൻ, തെക്കേക്കര | 2016 |
| 2 | 10/26 | തങ്കമ്മ, പുത്തൻ പുരയ്ക്കൽ | 2013-2016 |
| 3 | 11/131 എ | ലൂസി, ഇയ്യോതുണ്ടിയിൽ, തെക്കേക്കര | 2016 |
| 4 | 11/170 എ | ഗോപാലകൃഷ്ണൻ, പത്തിൽ ചിറ, തെക്കേക്കര | 2015-16 |
| 5 | 13/129 എ | വേലായുധൻ ഗോപി, നാല്പതിൽ ചിറയിൽ, ആറ്റുവാത്തല | 2016 |

വസ്തു നികുതി കുടിശ്ശിക ഡിമാന്റിൽ എല്ലാ വർഷവും പഞ്ചായത്ത് ബുക്ക് അഡ്ജസ്റ്റ്മെന്റ് വരുത്തുന്നുണ്ട്. ഓരോ വർഷവും പഞ്ചായത്ത് നടത്തുന്ന ബുക്ക് അഡ്ജസ്റ്റ്മെന്റുകൾ സംബന്ധിച്ച് സഞ്ചയ് സോഫ്റ്റ്‌വെയർ റിപ്പോർട്ടുകളൊന്നും ജനറേറ്റ് ചെയ്യുന്നില്ല. ഇക്കാരണത്താൽ ഓഡിറ്റ് വകുപ്പിന് ഇതിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിലവിലുള്ള ഡേറ്റയാണ് ബുക്ക് അഡ്ജസ്റ്റ്മെന്റിന് ഉപയോഗിക്കുന്നത്. ആയതിനാൽ മുൻ വർഷങ്ങളിലെ കളക്ഷനിൽ കൃത്യത ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. രസീതുകൾ പരിശോധിച്ച് രസീത് നമ്പർ ചേർക്കേണ്ടതാണ്. രസീതുകളില്ലെങ്കിൽ, തുക കുടിശ്ശികയായി കണക്കേക്കേണ്ടതാണ്.

6. രാജേഷ് കുമാർ, പേരകത്ത്, പുന്നക്കുന്നം 3/114, തങ്കച്ചൻ മാത്യു, കൊച്ചു വല്ല്യ വീട്ടിൽ, പുളിങ്കുന്ന്, 3/282 എന്നിവരുടെ രസീത് തുകയും, കളക്ഷൻ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെച്ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | പേര്, മേൽ വിലാസം | രസീത് നമ്പർ, തീയതി, തുക | കളക്ഷൻ തുക |
|---|---|---|---|---|
| 1 | 3/114 | രാജേഷ് കുമാർ, പേരകത്ത്, പുന്നകുന്നം | 52163/76 തീയതി,30.01.20-981രൂപ | 1962 രൂപ |
| 2 | 3/282 | തങ്കച്ചൻ മാത്യു, കൊച്ചു വല്ല്യ വീട്ടിൽ, പുളിങ്കുന്ന് | 52163/65 തീയതി,09.01.20-549 രൂപ | 1098 |

കളക്ഷൻ രസീത് പ്രകാരം കൃത്യമാക്കേണ്ടതാണ്. തുക ഈടാക്കിയതിൽ കുറവുണ്ടെങ്കിൽ ബാക്കി തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15 ഡി & ഒ ലൈസൻസ് പരിശോധന - അപാകതകൾ

ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഡി & ഒ. ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(1). ഡി & ഒ. ലൈസൻസ് നേടുന്നതിന് ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. ഫാക്ടറീസ് & ബോയിലേഴ്സ് സർട്ടിഫിക്കറ്റ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ്, എക്സ്പ്ലോസീവ് ലൈസൻസ് മുതലായവ ഇല്ല. ഇത് കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ വകുപ്പ് 233(4) എ-സി. എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമാണ്. ഉദാ:-

| അപേക്ഷാ ക്രമ നം. | അപേക്ഷകൻ/കെട്ടിട നം. |
|---|---|
| 94 | പി.ജെ.ജോസഫ്, എംപീസ് മോഡേൺ റൈസ് മിൽ |
| 13 | തോമസ് ജോസഫ്, അക്വാപാലസ് (ഹോംസ്റ്റേ) |
| 32 | കൃഷ്ണകുമാരി, വാട്ടേഴ്സ് എഡ്ജ് വില്ല |
| 9 | ജോബി ജോസ്, കീടനാശിനി വ്യാപാരം |

| | |
|---|---|
| 2 | തെക്കേക്കര സർവ്വീസ് സഹകരണ ബാങ്ക്,<br>വളം, കീടനാശിനി വില്പന |
| 117 | ചമ്പക്കുളം സർവ്വീസ് സഹകരണ ബാങ്ക്,<br>വളം, കീടനാശിനി വില്പന |
| 95 | ഫിലിപ്പ് ജോസഫ്, കുട്ടനാട് ഫാം ഫ്യൂവൽസ്- പെട്രോൾ പമ്പ് |
| 96 | ജെസി ജേക്കബ്, പടവുപുരയ്ക്കൽ ഫ്യുവൽ - പെട്രോൾ പമ്പ് |

ഭൂരിഭാഗം അപേക്ഷകളിലും ആവശ്യമായ നിരാക്ഷേപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(2) കേരള പഞ്ചായത്ത് രാജ് വകുപ്പ് 233(4) (ബി) പ്രകാരം ആരോഗ്യ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ (ആശുപത്രി, ക്ലിനിക്, ക്ലിനിക്കൽ ലബോറട്ടറി, പാരാമെഡിക്കൽ സ്ഥാപനം, മറ്റേതെങ്കിലും ആരോഗ്യ സ്ഥാപനം എന്നിവയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ സമ്മതപത്രം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം മുതലായവ ആവശ്യമാണ്. ബോർഡിന്റെ പി.സി.ബി./ റ്റി. 4/115/97(2), തീയതി. 8.5.17 സർക്കുലർ പ്രകാരം ഡന്റൽ ക്ലിനിക്കുകൾ 2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ റൂൾ 10 പ്രകാരം ഫീസ് ഒടുക്കുന്നതിനാനുപാതികമായി ഒരു വർഷം മുതൽ 15 വർഷം വരെ കാലാവധിയുള്ള പി.സി.ബി. ഓതറൈസേഷൻ കരസ്ഥമാക്കേണ്ടതും 4-ാം നിബന്ധന പ്രകാരം പൊതു സംസ്കരണ സംവിധാനത്തിൽ ചേർന്നതുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കേണ്ടതുമാണ്. ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനത്തിനായി ഐ.എം.എ..യുടെ IMAGE ന്റെ അഫിലിയേഷൻ എടുക്കേണ്ടതാണ്.
മരുന്നുവ്യാപാര സ്ഥാപനങ്ങൾ ഡ്രഗ്സ് കൺട്രോൾ ലൈസൻസ് നേടേണ്ടതുമാണ്. സർക്കാർ ഉത്തരവ് (സാധാ)നം.2511/2017/ തസ്വഭവ., തീയതി.22.7.2017പ്രകാരം ഹോട്ടലുകൾ, ഭക്ഷണശാലകൾ, കല്ല്യാണ മണ്ഡപങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, മത്സ്യം, മാംസം പച്ചക്കറി- പഴം വിപണന കടകൾ മുതലായവയുടെ മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ എർപ്പെടുത്തേണ്ടതാണ്. ആവശ്യമായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാത്ത അപേക്ഷകർക്കും ഡി. & ഒ. ലൈസൻസ് നല്കിയിരിക്കുന്നു. ഉദാ :-

| അപേക്ഷാ ക്രമ നം. | അപേക്ഷകൻ |
|---|---|
| 8 | ആശ ഗോപൻ<br>ഗൗരി ക്ലിനിക്കൽ ലബോറട്ടറി |
| 11 | ഡോ. സാറാമ്മ ജോർജ്ജ്<br>കെ & ജി. ക്ലിനിക് |
| 20 | അലക്സാണ്ടർ ജോൺ<br>നെടുമുടി മെഡിക്കൽസ് |
| 31 | റോപ്പൻ വർഗ്ഗീസ്, എയ്ഞ്ചൽ മെഡിക്കൽസ് |
| 86 | മജിത് എം. വർഗ്ഗീസ്<br>ശ്രീനികേതൻ ക്ലിനിക്കൽ ലബോറട്ടറി |
| 106 | ഡോ. എബി സാമുവൽ<br>ഡോ. എബീസ് സ്പെഷ്യാലിറ്റി ആശുപത്രി |
| 146 | ഡോ. പ്രശാന്ത് ജേക്കബ് ചെറിയാൻ<br>പട്ടമുക്കിൽ ഡോ. ജേക്കബ്സ് ദന്റൽ ക്ലിനിക് |

ലൈസൻസ് നല്കുന്നതിന് ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(3) 2020-21 സാമ്പത്തികവർഷം വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് നേടിയാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമല്ല.

(4) ഡി. & ഒ. രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ ഡി. & ഒ. ലൈസൻസ് എടുക്കാത്തതായി മനസ്സിലാക്കുന്നു. പഞ്ചായത്തിലെ മാംസക്കച്ചവട സ്ഥാപനങ്ങൾ, കോഴിക്കടകൾ, താറാവ് വില്പന കേന്ദ്രങ്ങൾ, അബ്കാരി ഷാപ്പുകൾ, റേഷൻ കടകൾ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ, ബ്യൂട്ടി പാർലറുകൾ, 1965ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോഴ്സ് ചട്ടങ്ങൾ പ്രകാരം ജിംനേഷ്യം, പണം വാങ്ങി പ്രവേശനം നല്കുന്ന കായിക വിനോദങ്ങൾ നടത്തുന്ന 50ച.മീറ്ററിൽ കൂടുതലുള്ള സ്വകാര്യ സ്ഥലങ്ങൾ, ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ തുടങ്ങിയവ ലൈസൻസ് നേടിയിട്ടുള്ളതായി കാണുന്നില്ല.
എല്ലാ സ്ഥാപനങ്ങളും ലൈസൻസ് നേടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ഡി & ഒ. ലൈസൻസ് - തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ഡി & ഒ. ലൈസൻസ് പരിശോധനയിൽ പ്രൊഫഷണൽസിൽ നിന്നും ഒരു സാമ്പത്തിക വർഷം 2500/- രൂപ തൊഴിൽ നികുതിയായി ഈടാക്കേണ്ടതാണെങ്കിലും താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കാത്തതായി കാണുന്നു.

| ലൈസൻസ് രജിസ്റ്റർ ക്രമ നം. | അപേക്ഷകൻ | ഈടാക്കിയത് | കുറവ് |
|---|---|---|---|
| 11 | സാറാമ്മ ജോർജ്ജ്<br>കെ.&ജി ക്ലിനിക് | 1500 | 1000 |
| 146 | ഡോ. പ്രശാന്ത് ജേക്കബ് ചെറിയാൻ<br>പട്ടമുക്കിൽ ഡോ. ജേക്കബ്സ് ദന്റൽ ക്ലിനിക് | 1500 | 1000 |
| | കുറവ് | | 2000 |

കുറവ് തൊഴിൽ നികുതി പലിശസഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( ) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-17 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 വർഷം ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | കേരള വാട്ടർ അതോറിറ്റി, മങ്കൊമ്പ് |
| 2 | ഏവീസ് പുട്ട് ഹൗസ്, മങ്കൊമ്പ് |
| 3 | സി.കെ.എം മിൽക്ക്<br>പ്രൊഡ്യൂസേഴ്സ്, മങ്കൊമ്പ് |

2.സജിത എസ് ദാസ്, എംപ്ലോയ്മെന്റ് ഓഫീസർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കുട്ടനാട് 2020-21 ആദ്യ പകുതിയിൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. മേല്പറഞ്ഞിരിക്കുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 സ്ഥാപന നികുതി, ട്രേഡർമാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

1. പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ ഒന്നും രണ്ടും അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി 2020-21 വർഷം ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

| ക്രമ നം | സ്ഥാപനം |
|---|---|

| | |
|---|---|
| 1 | ബി.എസ്.എൻ.എൽ മങ്കൊമ്പ് |
| 2 | കെ.എസ്.ഇ.ബി മങ്കൊമ്പ് |
| 3 | സി.കെ.എം മിൽക്ക് പ്രൊഡ്യൂസേഴ്സ്, മങ്കൊമ്പ് |

2. പഞ്ചായത്തിലെ താഴെപ്പറയുന്ന ട്രേഡർമാർക്ക് ബാധകമായ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

| ക്രമ നം. | പേര് | കെട്ടിട നമ്പർ | വിവരണം |
|---|---|---|---|
| 1 | പോൾ ഫ്രാൻസിസ് | 1/253A | റിസോർട്ട് |
| 2 | രാജീവ് തോമസ് | 1/248 | ഹോം സ്റ്റേ |
| 3 | തോമസ് ജോസഫ് | 1/251A | ഹോം സ്റ്റേ |
| 4 | എ.വി. ജോർജ്, | 3/235-239 | റിസോർട്ട് |
| 5 | കെ.ജെ.സി തോമസ് | 3/225 | ഹോം സ്റ്റേ |
| 6 | ബിനു വിക്ടർ | ദന്ത ഡോക്ടർ | ക്ലിനിക്ക് |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതിയും, ട്രേഡർമാർക്ക് ബാധകമായ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1) ലഭിച്ച മറുപടി പരിഗണിച്ച് തൊഴിൽ നികുതി ഒടുക്കിയവരെ ഒഴിവാക്കി, ഇപ്പോഴും തൊഴിൽ നികുതി ഒടുക്കാൻ ബാക്കിയായവരെ മാത്രമാണ് പരാമർശത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-19 മരണം റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം - മരണശേഷവും പെൻഷൻ നല്കുവാനിടയാകുന്നു

ഗ്രാമപഞ്ചായത്തിലെ സേവന സോഫ്റ്റ്‌വെയറും ഡെത്ത് രജിസ്റ്ററും പരിശോധിച്ചതിൽ മരണവിവരം റിപ്പോർട്ട് ചെയ്യുമ്പോൾ യഥാസമയം പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്യാത്തതിനാൽ അപൂർവ്വമായെങ്കിലും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അർഹമായ കാലാവധിക്കുശേഷവും തുക നല്കുവാനിടയാകുന്നുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുന്ന പെൻഷൻകാരുടെ മരണങ്ങളിൽ മാത്രമേ പെൻഷൻ സസ്പെന്റ് ചെയ്യുവാൻ സാധിക്കുന്നുള്ളു. പഞ്ചായത്തിനു പുറത്തുള്ള ആശുപത്രികളിലോ മെഡിക്കൽ കോളേജുകളിലോ മരണപ്പെടുന്ന പഞ്ചായത്തതിർത്തിയിലെ എല്ലാ വ്യക്തികളുടെ മരണവിവരവും യഥാസമയം പഞ്ചായത്തിൽ ലഭ്യമാകാത്തതിനാൽ പെൻഷൻകാരുടെ മരണശേഷവും പെൻഷൻ ഉടരുന്നതിന് കാരണമാകുന്നു. ആയതിനാൽ ബന്ധപ്പെട്ട അധികാരികൾ സർക്കാർതലത്തിൽ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 കെ.എസ്.ഇ.ബി. സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജ് -വൈദ്യുതി വിളക്കുകളുടെ കൃത്യമായ കണക്കില്ല

കെ.എസ്.ഇ.ബി.സ്ട്രീറ്റ് ലൈറ്റുകളുടെ ഇനംതിരച്ചുള്ള വിശദവിവരം ലഭ്യമാക്കേണ്ടതിനായും കെ.എസ്.ഇ.ബി.സ്ട്രീറ്റ് ലൈറ്റുകൾ Metered ആക്കുന്നതിന് പഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ പണം അടവാക്കിയിട്ടുണ്ടോ എന്ന വിവരവും ആരാഞ്ഞതിൽ പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകളുടെ കണക്കുകൾ ഇല്ല എന്നാണ് അറിയിച്ചത്. ഇു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് (നം. 12) പഞ്ചായത്തധികൃതർ കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ടതിൽ ചമ്പക്കുളം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ നിന്നും ലഭ്യമാക്കിയ ബി.ബി./ചമ്പക്കുളം/ കെ.എസ്.ഇ.ബി./21-22/തീയതി. 28.12.21/128 നമ്പർ കത്തിൽ സ്ട്രീറ്റ് ലൈറ്റ് ബിൽ ചെയ്യുന്നത് മങ്കൊമ്പ് സെക്ഷൻ ആയതിനാൽ ആ ഓഫീസിലാണ് വൈദ്യുത വിളക്കുകളുടെ വിശദവിവരം ലഭ്യമാകുന്നത് എന്നും പോസ്റ്റുകളുടെ കൃത്യമായി ലഭ്യമാകണമെങ്കിൽ ചമ്പക്കുളം സെക്ഷൻ ഓഫീസുമായി പഞ്ചായത്ത് ഓഫീസ് കൂടിയാലോചന നടത്തി ഏറ്റവും എളുപ്പത്തിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിനുമുള്ള ഏർപ്പാടുകൾ ചെയ്യാവുന്നതുമാണ് എന്നാണ് അറിയിച്ചത്. ആയതിനാൽ എത്രയുംവേഗം ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി വൈദ്യുതി വിളക്കുകളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി ആയതിനുസരിച്ച് വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കെ.എസ്.ഇ.ബി.സ്ട്രീറ്റ് ലൈറ്റുകൾ Metered ആക്കുന്നതിന് പഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ പണം

അടവാക്കിയിട്ടുണ്ടോ എന്ന വിവരവും അറിയിക്കേണ്ടതാണ്.

## 1-21 ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം - ഫൈൻ ഈടാക്കിയില്ല

| | |
|---|---|
| പ്രവൃത്തി | ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം |
| പ്രോജക്ട് നം. | S0144/21 |
| കരാറുകാരൻ | പ്രഭാകരൻ |
| അളവ് പുസ്തകം | 54/19 ,55/19, 75/19 |
| ചെലവ് വിവരം | ബിൽ നം. 29/11-11-20രൂപ 25000000/-<br>ബിൽ നം. 50/10-03-21 രൂപ 196948/-<br>ബിൽ നം. 26/21-08-20രൂപ 229058/-<br>ബിൽ നം. 54/22-03-21 രൂപ 373422/-<br>ബിൽ നം. 49/26-02-21 രൂപ 121614/-<br>ബിൽ നം 21/19-05-20 രൂപ 499900/-<br>ബിൽ നം. 51/15-03-21 രൂപ 229058/- |
| കരാർ നം | 50A/AE/LSGD/CHMBKM/18-19 |
| കരാർ തുക | 6691916/- |

അസിസ്റ്റന്റ് എഞ്ചിനിയറുടെ 31-01-19 ലെ 151/18-19 നമ്പർ സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ ഒപ്പു വെക്കാനുള്ള സമയം 13-02-19 വരെയാണെന്ന് കരാറുകാരനായ ശ്രീ. പ്രഭാകരനെ അറിയിച്ചിട്ടുണ്ട്. ടി തീയതിക്കകം കരാർ വെക്കാത്തപക്ഷം 1% പിഴയോടുകൂടി കരാർ വെക്കുന്നതിന് 25-02-19 കൂടി സാവകാശം ലഭിക്കുന്നതാണെന്നും നോട്ടീസിൽ അറിയിച്ചിട്ടുണ്ട്. ടിയാൻ ടി പ്രവത്തിക്ക് കരാർ വെച്ചിരിക്കുന്നത് 19-02-2019 ലാണ്.(എഗ്രിമെന്റ് നം. 50A/AE/LSGD/CHMBKM/18-19 തീയതി 19-02-2019). നിശ്ചിത തീയതിക്കകം കരാർ വെക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല. ഈടാക്കേണ്ടുന്ന ഫൈൻ 25000/- (6691916 @1% = 66919/- Limited To 25000/-) ടി തുക കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/--12-21)കരാറുകാരൻ ചികിൽസയിലായിരുന്നതിനാലാണ് 13-02-19 ന് മുമ്പ് കരാറുടമ്പടി ഒപ്പു വെക്കാൻ കഴിയാതിരുന്നതെന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതാണെന്നും മറുപടിയിൽ അറിയിച്ചിരിക്കുന്നത്. എന്നാൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മെഡിക്കൽ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഫൈൻ ഈടാക്കേണ്ടതാണ്.

## 1-22 ടാർവീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കി

ഗ്രാമപഞ്ചായത്തിൽ ചെയ്ത റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബിൽ പ്രകാരം തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വിലയായി 250 രൂപ നിരക്കിലാണ് ഈടാക്കിയത്. ഒരു ടാർ വീപ്പയുടെ വില 281 (238 + 18% GST) ആണ്. കുറഞ്ഞ നിരക്ക് ഈടാക്കിയതിനാൽ കരാറുകാർക്ക് അധികം നൽകാനിടയായി. ഏതാനു ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഈടാക്കിയ ടാർ വീപ്പയുടെ വില | ഈടാക്കേണ്ട വില | കുറവ് | ചെലവ് വിവരം |
|---|---|---|---|---|---|
| 1 | വേളക്കുട്ട ലക്ഷംവീട് വരെ റോഡ് ടാറിംഗ് | 6 @250 = 1500 | 6 @281 =1686 | 186 | 48/10-03-21രൂപ 156709 |

| | | | | | |
|---|---|---|---|---|---|
| 2 | നസ്രത്ത് പള്ളി മുതൽ ചക്രപ്പുര വരെ പ്രളയത്തിൽ നശിച്ച റോഡ് ടാറിംഗ് | 8@250 = 2000 | 8 @281 =2248 | 248 | 46/10-03-21രൂപ 261335 |
| 3 | ജങ്കാർ കടവ് മുതൽ കിഴക്കോട്ട് പ്രളയത്തിൽ നശിച്ച റോഡ് ടാറിംഗ് | 8@250 = 2000 | 8 @281 =2248 | 248 | 65/28-03-21 രൂപ 492467 |

ക്ലറിക്കൽ മിസ്റ്റേക്ക് മൂലമാണ് ടാർ വീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കാൻ ഇടയായതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17-ന് മറുപടിയായി അറിയിച്ചിട്ടുള്ളത്. ചരക്കുസേവന നികുതി ഉൾപ്പെടെയുള്ള വില ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ഫണ്ട് ഇനം | ചെലവു വിവരം |
|---|---|---|---|---|
| 1 | വേളക്കുട്ട ലക്ഷംവീടു വരെ റോഡ് ടാറിംഗ് | 1500 | വികസന ഫണ്ട്. | 48/10-03-21 രൂപ 156709/- |
| 2 | ജങ്കാർ കടവു മുതൽ കിഴക്കോട്ട് പ്രളയത്തിൽ നശിച്ച റോഡ് ടാറിംഗ് | 2000 | ടി | 65/28-03-21 രൂപ 492467/- |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16-ന് മറുപടി ലഭ്യമാക്കിയില്ല.

## 1-24 സംരക്ഷണ ഭിത്തി നിർമ്മാണത്തിന് എർത്ത് വർക്ക് എസ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ തൻവർഷം ചെയ്ത താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട സംരക്ഷണ ഭിത്തി നിർമ്മാണത്തിനുമുള്ള എർത്ത് വർക്ക് എസ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/$m^3$(സ്പെസിഫിക്കേഷൻ കോഡ്-11.1.1.1) ആണ്. ഇത് എർത്ത് വർക്ക് എസ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് എന്നതിനുള്ള നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുമുള്ള എർത്ത് വർക്ക് എസ്കവേഷന് അനുവദനീയമായ നിരക്ക് 259.29/$m^3$ (MoRDസ്പെസിഫിക്കേഷൻ കോഡ്-3.5.1 അല്ലെങ്കിൽ CPWD സ്പെസിഫിക്കേഷൻ കോഡ്- 2.8.1)) ആണ്.ഉയർന്ന നിരക്ക് അനുവദിച്ചത് അധികം നൽകാനിടയാക്കി.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ സാങ്കേതികാനുമതി നമ്പർ | കരാറുകാരൻ | അനുദിച്ച തുക/ അളവു പുസ്തകം | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|
| 1 | പാറശ്ശേരി മുതൽ വാലയിൽ വരെ റോഡ് കോൺക്രീറ്റും കല്ലുകെട്ടും | സിനോജ് ജേക്കബ് | 8.80$m^3$@553.17 =4868 32/AE/CKLM | 8.80$m^3$@259.29 = 2282 | 2586 | ബിൽ നം. 62/ 30-03-21 രൂപ 298781/- |

| | | | | | | |
|---|---|---|---|---|---|---|
| 2 | വിവിധ വാർഡുകളിൽ കേടുപാടു വന്ന റോഡ് Berm Filling പാർശ്വഭിത്തി നിർമ്മാണം | സജിമോൻ.ഇ.ബി | 13.85m$^3$@553.17 = 7659<br>67/19 | 13.85m$^3$@259.29 = 3591 | 4068 | ബിൽ നം. 5/18-04-20/രൂപ 327460/- |
| 3 | 12 ൽ ചിറ റോഡിൽ നിന്നും മണ്ണുത്രചിറ വരെ നടവഴി കല്ലുകെട്ടി വഴി നിർമ്മാണം | വരുൺരാജ് | 6.24m$^3$@528.76 = 3300<br>78/19 (ടെണ്ടർ വ്യതിയാനം കുറച്ചശേഷമുള്ള നിരക്ക് ) | 6.24 M$^3$ @259.29 = 1618 | 1682 | ബിൽ നം. 19/19-05-20രൂപ 115945/- |
| 4 | അമ്മൻതോട് കിഴക്കേ സൈഡ് കല്ലുകെട്ടി വടകര പാടശേഖരത്തിന്റെ ബണ്ട് നിർമ്മാണം | വരുൺ രാജ് | 11.48m$^3$@496.75 = 5703<br>80/19-20 (ടെണ്ടർ വ്യതിയാനം കുറച്ചശേഷമുള്ള നിരക്ക്) | 11.48m$^3$@259.29 = 2977 | 2726 | ബിൽ നം 32/8-01-21<br>രൂപ 23244/- |
| | | | | | 11062<br>+(12% GST)<br>1327 | |
| | | | ആകെ | | 12389 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17) സൈറ്റുകളിൽ 11.1.1.1 എന്ന സ്പെസിഫിക്കേഷൻ ആവശ്യമായതിനാലാണ് ടി ഐറ്റം ഉൾപ്പെടുത്തിയതെന്നാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. ഈ സ്പെസിഫിക്കേഷൻ പാലം, സ്ലൂയിസ് എന്നിവയുടെ നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എസ്കവേഷനുള്ള നിരക്കാണ്. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-25 കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും- പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും - പദ്ധതി നടത്തിപ്പിലെ പോരായ്മകൾ താഴെച്ചേർക്കുന്നു.

1. പ്രോജക്ട് നം. 71/21 തെങ്ങിന് ജൈവ വള വിതരണം, 147/21, സുഭിക്ഷ കേരളം പച്ചക്കറി കൃഷിക്ക് ജൈവ വളം എന്ന പ്രോക്ടുകളിൽ ഗുണഭോക്തൃ വിഹിതമായി യഥാക്രമം 91000/- രൂപയും 28125/- രൂപയും വകയിരുത്തിയിരുന്നു. തൻവർഷം ഗുണഭോക്തൃ വിഹിതം പിരിച്ച ജൈവ വളം നല്കിയ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നല്കേണ്ടതായിരുന്നു. 2020-21 വർഷം ഗുണഭോക്തൃ വിഹിതം പിരിച്ചിരുന്നുവെങ്കിലും തുക കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നല്കിയത് 06.09.21 നാണ് (119125 രൂപ). എന്നാൽ സ്പിൽ ഓവർ പ്രോജക്ടായി അടുത്ത വർഷം എടുക്കാതെയാണ് തുക നലികിയിട്ടുള്ളത്. തൻമൂലം സുലേഖ സോഫ്റ്റ്‌വെയർ ജനറേറ്റ് ചെയ്യുന്ന എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ ഈ ചെലവ് വന്നിട്ടില്ല. ഇത് ക്രമ വിരുദ്ധമാണ്.

2. പ്രോജക്ട് നം. 71/21 തെങ്ങിന് ജൈവ വള വിതരണം, 147/21, സുഭിക്ഷ കേരളം പച്ചക്കറി കൃഷിക്ക് ജൈവ വളം എന്ന പ്രോക്ടുകളിൽ വാങ്ങിയ ജൈവ വളം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല. വിതരണ തീയതി സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോ ദിവസത്തെ വിതരണത്തിനു ശേഷം അവശേഷിക്കുന്ന ജൈവ വളത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. ജൈവ പച്ചക്കറി കൃഷി (28/21) എന്ന പ്രോജക്ടിലെ പച്ചക്കറി വിത്തുകൾ, തൈകൾ എന്നിവയുടെ വിതരണ രേഖകൾ പൂർണ്ണമല്ല. ഗുണഭോക്താക്കളുടെ ഒപ്പ് പല പേജുകളിലും ഇല്ല. ഉദാഹരണം സ്റ്റോക്ക്/വിതരണ രജിസ്റ്ററിന്റെ പേജ് നം. 31,33,35.

3. കൃഷിയും അനുബന്ധ മേഖലയും എന്ന വർക്കിംഗ് ഗ്രൂപ്പായിരുന്നു പ്രോജക്ട് മോണിട്ടർ ചെയ്യേണ്ടത്. ഈ വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് ബുക്ക് പരിശോധിച്ചപ്പോൾ 2020-21 വർഷം ഒരു യോഗം പോലും കൂടിയിട്ടില്ലായെന്ന് കണ്ടു. പദ്ധതി

മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർവഹണ സമയത്ത് മോണിട്ടറിംഗ് കമ്മിറ്റികളായി മാറേണ്ടതും പദ്ധതി നിർവഹണത്തിൽ സജീവമായി ഇടപെടേണ്ടതുമാണ്. പദ്ധതിയുടെ വിജയം ഉറപ്പു വരുത്തേണ്ട മോണിട്ടറിംഗ് കമ്മിറ്റി രേഖകൾ പ്രകാരം രൂപീകരിച്ചിട്ടു പോലുമില്ല. നിർവഹണ ഉദ്യോഗസ്ഥൻ സ്റ്റോക്ക്/വിതരണ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതും തൻവർഷം നടത്തേണ്ട പണമിടപാടുകൾ സ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെടുത്താതെ അടുത്ത സാമ്പത്തിക വർഷം നടത്തിയതും, ഗുണഭോക്തൃ വിഹിതം ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാത്ത രസീതുകൾ മുഖേന വാങ്ങിയതും, (ഖണ്ഡിക 1-12) സ്റ്റോക്കുകളുടെ കൃത്യതയും വിതരണത്തിന്റെ കൃത്യതയും പണമിടപാടുകളുടെ കൃത്യതയുമൊക്കെ പരിശോധിക്കേണ്ട മോണിട്ടറിംഗ് കമ്മിറ്റിയുടെ അഭാവം കാരണമാണ്. മോണിട്ടറിംഗ് സമിതി രൂപീകരിക്കാത്ത, പദ്ധതിയുടെ നടത്തിപ്പിൽ സജീവമായി ഇടപെടാത്ത കൃഷിയും അനുബന്ധ മേഖലയും എന്ന വർക്കിംഗ് ഗ്രൂപ്പ് ഗുരുതരമായ കൃത്യ വിലോപമാണ് നടത്തിയിട്ടുള്ളത്. ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21) മറുപടി ലഭിച്ചില്ല.

## 1-26 പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം - സ്റ്റീൽ റീ ഇൻഫോഴ്സ്മെൻറ് എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്തിയില്ല

| | |
|---|---|
| പ്രവൃത്തി | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം |
| പ്രോജക്ട് നം. | S0082/20 |
| കരാറുകാരൻ | അഷറഫ്.എം |
| അളവു പുസ്തകം | 69/19, 70/19, 7/21 |
| ചെലവു വിവരം | ബിൽ നം 17/12-05-20 രൂപ 1357397/-<br>ബിൽ നം 25/30-07-20 രൂപ 424685/-<br>ചെക്ക് നം 2472214/30-07-20 രൂപ 575315/-<br>ഉത്തരവ് നം 95/09-11-20 രൂപ 1031503/-<br>ഉത്തരവ് നം 96/09-11-20 രൂപ 968497/-<br>ബിൽ നം 43/26-02-21 രൂപ 500000/--<br>ഉത്തരവ് നം 229/29-03-21 രൂപ 1055381/- |

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 13-ാം ഇനമായ സ്റ്റീൽ റീ ഇൻഫോഴ്സ്മെൻറിന്റെ അനുവദനീയമായ അളവ് 27595.431 Kg ആണ്. എന്നാൽ കരാറുകാരൻ 29784 Kg ഉപയോഗിച്ചതിന് 76.93/kg നിരക്കിൽ 2291283/- +12% GSTരൂപ അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യിട്ടില്ലാത്തതിനാൽ സ്റ്റീൽ റീ ഇൻഫോഴ്സ്മെൻറിന്റെ അളവ് എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്താതെ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് പ്രകാരം അനുവദനീയമായ അളവ് | 27595.431kg |
| കരാറുകാരന് അനുവദിച്ച അളവ് | 29784 Kg |
| അധികം | 2188.569 Kg |
| അധികം നൽകിയ തുക | 2188.569@ 76.93<br>= 168367 + 20204 ( 12% GST)<br>= 188571/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17) ഇത് സംഭവിച്ചത് ക്ലറിക്കൽ മിസ്റ്റേക്ക് മൂലമാണെന്നും എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. ടി തുക തുടർന്നുള്ള ബില്ലിൽ ക്രമീകരിക്കേണ്ടതാണ്.

## 1-27 ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അർഹമായ തുക നൽകിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്. (Proj No. 22/21). |
| അടങ്കൽ | 950000 |
| ചെലവ് | 824000 |
| 1) 57/23.07.20 | 160400 (വികസനഫണ്ട്) |
| 2)127/19.01.21 | 174000 (ജില്ലാ പഞ്ചായത്ത്) |
| 3)126/19.01.21 | 200000 (ബ്ലോക്ക് പഞ്ചായത്ത്) |
| 4)128/19.01.21 | 289600 (വികസനഫണ്ട്) |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആകെ 950000/- രൂപ അടങ്കലിൽ പദ്ധതി വിഭാവനം ചെയ്തിരുന്നു. ഇതിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി 300000 ലക്ഷം രൂപ വച്ചിരുന്നുവെങ്കിലും 174000/- രൂപ മാത്രമാണ് പദ്ധതിക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ളത്. വിവിധ ആവശ്യങ്ങൾക്കായി മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് വാർഷിക ധനസഹായമായി 28500/- രൂപയാണ് നൽകേണ്ടത്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ടി വ്യക്തികൾക്ക് 21000/- രൂപ മാത്രമാണ് നൽകിയിട്ടുള്ളത്.

സമൂഹത്തിലെ പ്രത്യേക പരിഗണനയർഹിക്കുന്ന വിഭാഗങ്ങൾക്ക് സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക. (7.1.6) പ്രകാരം നൽകേണ്ട മുഴുവൻ തുകയും അനുവദിക്കേണ്ടതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് പദ്ധതിയുടെ അടങ്കൽ പ്രകാരമുള്ള ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ഉയർന്ന ഗ്രേഡിലുള്ള സിമന്റ് മോർടാർ ഉപയോഗിച്ചുള്ള കല്ലുകെട്ട് അധികച്ചെലവിനിടയാക്കി

MoRD സ്പെസിഫിക്കേഷനിൽ RR മേസനറിക്ക് 1:4, 1:3 എന്നിങ്ങനെ രണ്ട് ഇനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും ചീഫ് എഞ്ചിനിയർ അംഗീകരിച്ച PRICE സോഫ്റ്റ്‌വെയറിൽ ലഭ്യമായിട്ടുള്ള റേറ്റ് കുറവുള്ള 1:4 സിമന്റ് മോർടാർ RR മേസനറിക്ക് നൽകുന്നതിന് പകരം RRM With Cm 1:3 ചെയ്തത് അധികച്ചെലവിനിടയാക്കി. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ 19-09-2016 ലെ 78/2016/fin നമ്പർ സർക്കുലർ പ്രകാരം RRM With Cm 1:6 ന് പകരം ഉയർന്ന ഗ്രേഡിലുള്ള സിമന്റ് മോർടാർ (RRM With Cm 1:3) ഉപയോഗിച്ചുള്ള കല്ലുകെട്ട് സാമ്പത്തിക നഷ്ടത്തിനും പൊതുപണത്തിന്റെ ദുരുപയോഗമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന പ്രവൃത്തിയിൽ RRM With Cm 1:4 ന പകരം RRM With Cm 1:3 ചെയ്തത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി | വിവിധ വാർഡുകളിൽ കേടുപാടു വന്ന റോഡ് Berm Filling പാർശ്വഭിത്തി നിർമ്മാണം |
| പ്രോജക്ട് നം. | S01321/21 |
| കരാറുകാരൻ | സജിമോൻ.ഇ.ബി. |
| അളവു പുസ്തകം | 67/19 |
| ചെലവു വിവരം | ബിൽ നം 5/18-04-20 രൂപ 327460/- |
| RRM With Cm 1:3 അനുവദിച്ച തുക | 8.70 $M^3$@ 7152 = 62222 |
| അനുവദിക്കാവുന്ന നിരക്ക് (RRM With Cm 1:4) | 8.70 $M^3$@6704.98 = 58333 |
| അധികം | 3889 +467 (12%) = 4356 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17) സൈറ്റിൽ RRM With Cm 1:3എന്ന സ്പെസിഫിക്കേഷൻ ആവശ്യമായതിനാലാണ് ടി ഐറ്റം ഉൾപ്പെടുത്തിയതെന്നാണ് മറുപടി യിൽ അറിയിച്ചിരിക്കുന്നത്. ഉയർന്ന ഗ്രേഡിലുള്ള സിമന്റ് മോർടാർ (RRM With Cm 1:3) ഉപയോഗിച്ചുള്ള കല്ലുകെട്ട് സാമ്പത്തിക നഷ്ടത്തിനും പൊതുപണത്തിന്റെ ദുരുപയോഗമാണെന്നും വ്യക്തമാക്കിയിട്ടുള്ളതിനാൽ അധികച്ചെലവ് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 സാന്ത്വന പരിചരണ പരിപാടി-അധിക ചെലവ്

| | |
|---|---|
| പ്രോജക്ട് നം./പേര് | S07/21/സാന്ത്വന പരിചരണ പരിപാടി |
| അടങ്കൽ | വികസന ഫണ്ട് -പൊതു വിഭാഗം-535500<br>ബ്ലോക്ക് വിഹിതം- - 100000<br>ആകെ -------------------------------------------<br>635500 |
| ചെലവ് | ബിൽ നം.01/2020-21/19.05.20- 70000<br>ബിൽ നം.02/2020-21/18.08.20- 74975<br>ബിൽ നം.03/2020-21/24.08.20- 30200<br>ബിൽ നം.04/2020-21/28.09.20- 30400<br>ബിൽ നം.05/2020-21/25.12.20- 35200<br>ബിൽ നം.06/2020-21/25.01.21- 107780<br>ബിൽ നം.07/2020-21/17.02.21- 16000<br>ബിൽ നം.08/2020-21/11.03.21- 124123<br>ബിൽ നം.09/2020-21/30.03.21- 46701<br>ബ്ലോക്ക് വിഹിതം - 100000<br>635499 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ചമ്പക്കുളം |

1. 2020-21 വർഷത്തെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക വേണ്ടി വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള ക്വട്ടേഷനുകൾ (ക്വട്ടേഷൻ നോട്ടീസ് നം.195/2020 തീയതി 06.06.20) ക്ഷണിച്ചപ്പോൾ അഞ്ച് ക്വട്ടേഷനുകളാണ് ലഭിച്ചത്. മെഡിക്കൽ ഓഫീസർ തയ്യാറാക്കിയ കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് പ്രകാരം പി.സി സുരേന്ദ്രൻ, കവാതാലയം, തെക്കേക്കര എന്നയാളുടെ ക്വട്ടേഷൻ അനുസരിച്ചുള്ള ദിവസ വാടകയായിരുന്നു ഏറ്റവും കുറവ് 845 രൂപ ദിവസ വാടക. തുടർന്നുള്ള ക്വട്ടേഷനുകൾ 970രൂപ ക്വോട്ട് ചെയ്ത വിജയകുമാർ.കെ, വിജയ നിവാസ്, കണ്ടങ്കരി എന്നയളുടെയും 1000 രൂപ ക്വോട്ട് ചെയ്ത ജോജി വർഗ്ഗീസ് ചമ്പക്കുളം എന്നയാളുടെയും ആയിരുന്നു. മെഡിക്കൽ ഓഫീസർ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച 195/2020 തീയതി 22.06.20 നമ്പർ കത്ത് പ്രകാരം ശ്രീ പി.സി. സുരേന്ദ്രൻ കവാതാലയം, തെക്കേക്കര എന്നയാളുടെ ക്വട്ടേഷൻ അംഗീകരിച്ചതായി പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

എന്നാൽ പ്രത്യേക കാരണമൊന്നും കൂടാതെ 2020 ഓഗസ്റ്റ് മാസം ക്വട്ടേഷനുകൾ വീണ്ടും ക്ഷണിക്കുകയും ശ്രീ ജോജി വർഗ്ഗീസിന്റെ 1000 രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും 2020 ജൂലൈ മാസം മുതലുള്ള ചെലവ് തുക ജോജി വർഗ്ഗീസിനു നൽകുകയും ചെയ്തു. ശ്രീ സുരേന്ദ്രന്റെ ക്വട്ടേഷൻ അംഗീകരിച്ചതിനു ശേഷം വീണ്ടും ക്വട്ടേഷനുകൾ ക്ഷണിക്കാനുള്ള കാരണം സാധൂകരിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. ശ്രീ. സുരേന്ദ്രന്റെ ക്വട്ടേഷൻ നിരസിച്ചുകൊണ്ടുണ്ടായ അധിക ചെലവിന്റെ വിവരം താഴെച്ചേർക്കുന്നു. പഞ്ചായത്തിനുണ്ടായ നഷ്ടം നഷ്ടത്തിനുത്തരവാദികളായവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

| മാസം | ഹോംകെയർ നടത്തിയ ദിവസങ്ങളുടെ എണ്ണം | ജോജി വർഗ്ഗീസിനു നൽകിയ തുക, ബിൽ നമ്പർ | ശ്രീ സുരേന്ദ്രനു നല്കേണ്ടിയിരുന്ന തുക | ശ്രീ. വിജയകുമാറിനു നല്കേണ്ടിയിരുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| ജൂലൈ 2020 | 12 | 12000<br>03/20-21 | 10140 | 11640 | 1860 |
| ഓഗസ്റ്റ് | 12 | 12000<br>04/20-21 | 10140 | 11640 | 1860 |
| സെപ്തംബർ | 16 | 16000<br>05/20-21 | 13520 | 15520 | 2480 |

| | | | | | |
|---|---|---|---|---|---|
| ഒക്ടോബർ | 14 | 14000 06/20-21 | 11830 | 13580 | 2170 |
| നവംബർ | 15 | 15000 06/20-21 | 12675 | 14550 | 2325 |
| ഡിസംബർ | 16 | 16000 06/20-21 | 13520 | 15520 | 2480 |
| ജനവരി | 16 | 16000 07/20-21 | 13520 | 15520 | 2480 |
| ഫെബ്രുവരി | 16 | 16000 08/20-21 | 13520 | 15520 | 2480 |
| മാർച്ച് | 16 | 16000 09/2021 | 13520 | 15520 | 2480 |
| | | ആകെ | | | 20615 |

2. ബിൽ നം.08/11.03.21 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 43783 രൂപ മരുന്നുകൾക്കായി നൽകിയിട്ടുണ്ടെങ്കിലും 22,662 രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി 21121 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭിക്കുന്നതു വരെ 21121 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭിക്കാതിരുന്നതു കാരണം രോഗികൾക്ക് മരുന്നുകൾ വാങ്ങേണ്ടി വന്നിട്ടുണ്ടെന്നും മരുന്നുകളുടെ ദൌർലഭ്യം സാന്ത്വന പരിചരണ പരിപാടിയെ ബാധിച്ചിട്ടുണ്ടെന്നും പാലിയേറ്റീവ് നേഴ്സ് വാക്കാൽ അറിയിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലും ഇത്തരം അനുഭവമുണ്ടായിട്ടുള്ളതുകൊണ്ട്, ഇനി ഇതാവർത്തിക്കാതിരിക്കാൻ ഇക്കാര്യം ഭരണ സമിതിയ്ക്ക് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.
മേൽപ്പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 7) മറുപടി ലഭിച്ചില്ല.

## 1-30 വാട്ടർ അതോറിട്ടിക്കു വെള്ളക്കരം- സംയുക്തപരിശോധന നടത്തുന്നില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്/ നം. | വാട്ടർ അതോറിട്ടിക്കു വെള്ളക്കരം/ S0173/21 |
| അടങ്കൽ | 944216(CFC) |
| ചെലവ് | 918756. |
| ബിൽ നം/തീയതി.(sanction Order Number) | 93/02.11.21. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി. |

പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന 175 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിട്ടിക്ക് ബിൽ നം. 93/02.11.21 പ്രകാരം ധനകാര്യകമ്മീഷൻ അവാർഡു ഗ്രാന്റിൽ നിന്നും 918756 രൂപ നൽകിയിട്ടുണ്ട്. വാട്ടർ അതോറിട്ടിയുമായി ചേർന്ന് പഞ്ചായത്ത് സംയുക്ത പരിശോധന നടത്തി യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ എണ്ണം കണക്കാക്കിയിട്ടുണ്ടോഎന്നറിയിക്കാനും ഉണ്ടെങ്കിൽ സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറിക്കു (നം. 14/31.12.21) ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിട്ടിയുമായി സംയുക്തപരിശോധന നടത്തുകയോ ടാപ്പുകളുടെ വിശദാംശങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല എന്നു മറുപടി നൽകിയിട്ടുണ്ട്. ജൽജീവൻ മിഷൻ-ഗാർഹിക കുടിവെള്ളകണക്ഷൻ പദ്ധതി നടത്തിപ്പിനായി പ്രോജക്ട് നമ്പർ 194/21 പ്രകാരം വികസനഫണ്ടിൽ നിന്നും 145000 രൂപയും വാട്ടർ അതോറിട്ടിയുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

എല്ലാ കുടുംബങ്ങൾക്കും ജൽജീവൻ പദ്ധതി പ്രകാരം കുടിവെള്ളകണക്ഷനുകൾ ലഭ്യമാക്കുവാൻ ശ്രമിക്കേണ്ടതാണ്. അതിനുശേഷം വാട്ടർഅതോറിട്ടിയുമായി സംയുക്തപരിശോധന നടത്തി ആവശ്യമില്ലാത്ത പൊതുടാപ്പുകണക്ഷനുകൾ ഒഴിവാക്കി പൊതുടാപ്പുകളുടെ എണ്ണം ക്രമപ്പെടുത്തേണ്ടതാണ്. അതുവഴി വാട്ടർ അതോറിട്ടിക്ക് വർഷം തോറും നല്കിവരുന്ന വെള്ളക്കരം ഗണ്യമായി കുറയ്ക്കുവാൻ സാധിക്കും. അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ചമ്പക്കുളം പടിപ്പുരയ്ക്കൽ ക്ഷേത്രത്തിനു സമീപമുള്ള ട്യൂബ് വെല്ലിന് മോട്ടോറും അനുബന്ധസൗകര്യങ്ങളും -- പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല - ചെലവുതുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | ചമ്പക്കുളം പടിപ്പുരയ്ക്കൽ ക്ഷേത്രത്തിനു സമീപമുള്ള ട്യൂബ് വെല്ലിന് മോട്ടോറും അനുബന്ധസൗകര്യങ്ങളും. (നം. 105/21) |
| അടങ്കൽ | 650000 (CFC) |
| ചെലവ് | 650000 |
| ബിൽ നം/തീയതി.(sanction Order Number) | 94/2.11.20 |
| നിർവ്വഹണം | സെക്രട്ടറി. |

പദ്ധതി നടത്തിപ്പിനായി ബിൽ നം 94/2.11.20 പ്രകാരം 650000 രൂപ പിൻവലിച്ച് വാട്ടർ അതോറിട്ടിയുടെ 3922000110130637 നമ്പർ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ട്യൂബ് വെൽ പ്രവർത്തനക്ഷമമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെങ്കിൽ ഭൂജലവകുപ്പിൽ നിന്നും ലഭ്യമാക്കിയ ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, ഹാൻഡ് ഓവർ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/31.12.21) ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്ന രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കി ട്യൂബ് വെൽ പ്രവർത്തനക്ഷമമാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ ടി. പദ്ധതിക്കായി നടത്തിയ 650000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ലൈഫ് പദ്ധതി- പണം കൈപ്പറ്റിയവർ വീട്ടു പണി പൂർത്തിയാക്കുന്നില്ല

പഞ്ചായത്തിലെ താഴപ്പറയുന്ന ഗുണഭോക്താക്കൾ ലൈഫ് പദ്ധതിയുടെ ഭാഗമായി പണം കൈപ്പറ്റിയെങ്കിലും വീട്ടു പണി പൂർത്തിയാക്കിയില്ല. മാത്രമല്ല, വീട്ടു പണിയിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല.

| ക്രമ നമ്പർ | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | തങ്കമണി, തെക്കേപ്പുരയ്ക്കൽ, പുല്ലങ്ങടി വാർഡ്-7 | 40,000 | 22.06.2018 | വി.ഇ.ഒ. തെക്കേക്കര |
| 2 | ആശമോൾ സന്തോഷ് കുമാർ ചാലുങ്കൽ, ചമ്പക്കുളം വാർഡ്-9 | 40,000 | 22.06.2018 | വി.ഇ.ഒ. തെക്കേക്കര |
| 3 | കുഞ്ഞുമോൾ ജോൺ, കോറത്തറ, അമിച്ചകരി, ചമ്പക്കുളം, വാർഡ്-11 | 40000<br>160000 | 22.06.2018<br>07.01.2019 | വി.ഇ.ഒ. തെക്കേക്കര |
| 4 | രഞ്ജു രാജുമോൻ, ചങ്ങലം പറമ്പിൽ, വാർഡ്- 6 | 40,000 | 22.06.2018 | വി.ഇ.ഒ. തെക്കേക്കര |
| 5 | കനകലത, അഞ്ചിൽത്തറ, വാർഡ്-7 | 40,000- | 11.01.2019. | വി.ഇ.ഒ, ചമ്പക്കുളം |
| 6 | വൽസമ്മ, അഞ്ചിൽത്തറ, വാർഡ്-7 | 40,000 | 25.09.2020 | വി.ഇ.ഒ, ചമ്പക്കുളം |

നിർവഹണ ഉദ്യോഗസ്ഥർ ആർ.ആർ. നടപടികൾക്ക് ശുപാർശ ചെയ്തിരുന്നെങ്കിലും, കോവിഡ് മഹാമാരി കാരണം ഇപ്പോൾ നടപടികളിലേക്ക് കടക്കേണ്ടതില്ലെന്ന് 21.06.21 ലെ പഞ്ചായത്ത് കമ്മിറ്റിയിലെ 2/3 നമ്പർ തീരുമാന പ്രകാരം, ഭരണ സമിതി തീരുമാനിച്ചിരുന്നുവെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.20) മറുപടിയായി അറിയിച്ചിട്ടുണ്ട്. തുക കൈപ്പറ്റിയിട്ട് നാളുകളായെങ്കിലും വീട് നിർമ്മാണത്തിൽ പുരോഗതി ഉണ്ടായിട്ടില്ല. മേല്പറഞ്ഞവർ വീട് പണി പൂർത്തിയാക്കാൻ എല്ലാ സഹായങ്ങളും പഞ്ചായത്ത് തുടർന്നും ചെയ്യേണ്ടതാണ്. എന്നിട്ടും വീട് പണി പൂർത്തിയാക്കാത്ത പക്ഷം ഇവർക്കെതിരെ ആർ.ആർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ഹോമിയോ മരുന്നു ലഭ്യമാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് പേര്/നമ്പർ. | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ/പ്രോജക്ട് നം. 5/21. |
| അടങ്കൽ. | 300000 |
| ചെലവ് | 300000 |

| | |
|---|---|
| ബിൽ നം/ തീയതി. | 87/19.10.20. |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങുന്നതിനായി ബിൽ നം. 87/19.10.20 പ്രകാരം 300000 രൂപ പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഹോംകോയുടെ LF- 1794/02/12/21 നമ്പർ ബിൽ പ്രകാരമുള്ള 117680 രൂപയുടെ മരുന്നുകളുടെ സ്റ്റോക്ക് വിതരണരേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കിയുള്ള 182320 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/29.12.21)മറുപടി ഹാജരാക്കിയിട്ടില്ല. ലഭിക്കുവാൻ ബാക്കി നിൽക്കുന്ന 182320 രൂപയുടെ മരുന്ന് ലഭ്യമാക്കി ആയതിന്റെ സ്റ്റോക്ക് വിതരണരേഖകൾ ഹാജരാക്കുന്നതുവരെ പദ്ധതിക്കായി മുൻകൂർ നൽകിയ 182320 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ചമ്പക്കുളം നടപ്പാക്കിയ പ്രോജക്ട് നം.186/20-21, വാടക, വാടക കുടിശ്ശിക, കോവിഡ് അനുബന്ധ ചെലവുകൾ എന്ന പ്രോജക്ടിലെ ആകെ ചെലവ് 87,964 രൂപയാണ് (ചെക്ക് നമ്പർ 24722223 തീയതി 25.05.2020). ഇതിൽ ദേവകിയമ്മ- (22000 രൂപ), സ്മിത ഉല്ലാസ് (-3500 രൂപ, 1000 രൂപ,) ശ്രീദേവി(26,000 രൂപ) എന്നിവിർക്ക് നല്കിയ തുകകളുടെ വൌച്ചറുകൾ മാത്രമാണ് ഓഡിറ്റിൽ ലഭ്യമാക്കിയത്. ഇത് ആകെ 53000 രൂപയുടെ വൌച്ചറുകൾ മാത്രമാണ്. ബാക്കി 34,964 രൂപയുടെ വൌച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ 34,964 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19)മറുപടി ലഭിച്ചില്ല. ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാൻ സാധിക്കാത്ത പക്ഷം തടസ്സപ്പെടുത്തിയ തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-35 പഞ്ചായത്തിൽ നടപ്പിലാക്കിയ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ

ചമ്പക്കുളം ഗ്രാമ പഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ മികച്ച രീതിയിൽ സംഘടിപ്പിക്കുവാനും കുറ്റമറ്റരീതിയിൽ ഏകോപിപ്പിക്കുവാനും പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളിൽ നിതാന്ത ജാഗ്രത പഞ്ചായത്ത് പുലർത്തിപോരുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കോവിഡ് 19 ജാഗ്രതാപോർട്ടലിൽ 195 പേർ രജിസ്റ്റർചെയ്തതിൽ 39 വ്യക്തികൾക്ക് പരിശീലനം നൽകി വോളന്റിയർമാരായി നിയമിച്ചു. കൂടാതെ വാർഡുതല മോണിട്ടറിംഗ് സമിതികൾ രൂപീകരിച്ചു. മോണിട്ടറിംഗ് സമിതികളുടെ റിപ്പോർട്ടിന്റ അടിസ്ഥാനത്തിൽ വാർഡുകളിൽ ഭക്ഷണത്തിന് ബുദ്ധിമുട്ടുകൾ അനുഭവിച്ചവർക്ക് ജനകീയ അടുക്കള വഴി ഭക്ഷണവും മരുന്നുകളും നൽകി.

ഗ്രാമ പഞ്ചായത്ത് ഓഫീസ് കേന്ദ്രീകരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കോവിഡുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് വേണ്ട സഹായങ്ങൾ സമയബന്ധിതമായി നൽകുന്നതിനുമായി ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചു. കൂടാതെ പ്രത്യേക പരിഗണന നൽകേണ്ടവരുടെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി അദ്ധ്യാപകർ, പഞ്ചായത്ത് ജീവനക്കാർ, ആരോഗ്യവകുപ്പ ജീവനക്കാർ, ആശാവർക്കർമാർ എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ പ്രസിഡന്റിന്റെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി എല്ലാ പ്രതിരോധ പ്രവർത്തനങ്ങളുടേയും ദൈനംദിന മോണിറ്ററിംഗ് നടത്തുന്നു.

പഞ്ചായത്തിൽ കോവിഡ് പോസിറ്റീവ് ആകുന്നവർക്കും സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടവർക്കും ഭക്ഷണവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും നൽകി.അതിഥി തൊഴിലാളികളെ സുരക്ഷിതമായി മാറ്റി താമസിപ്പിച്ചു.വാർഡുതലത്തിൽ സൗജന്യകോവിഡ് പരിശോധന നടത്തി. കോവിഡ് ബാധിച്ച മരിച്ചവരുടെ ശവസംസ്കാരം കോവിഡ് പ്രോട്ടോക്കോൾ പ്രകാരം നടത്താൻ സംവിധാനമൊരുക്കി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കുന്നതിന് കച്ചവടസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. വാക്സിനേഷൻ സുഗമമായും കൃത്യതയോടെയും നടത്തുന്നതിന് വാർഡ്തലമോണിട്ടറിംഗ് സമിതികൾക്കു കീഴിൽ ക്ലസ്റ്ററുകൾ രൂപീകരിച്ചു. എല്ലാ മാസവും രണ്ട് തവണയെങ്കിലും വാർഡുതലയോഗം കൂടി മിനിട്സ് രേഖപ്പെടുത്തുകയും കൃത്യമായ നിരീക്ഷണം നടത്തുകയും ചെയ്തു. ആയതു വഴി കോവിഡ് നിയന്ത്രിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കാൻ പഞ്ചായത്തിന് കഴിഞ്ഞു.

നാളിതുവരെ വാക്സിനേഷൻ സ്വീകരിച്ചവരുടെ വിവരം താഴെ ചേർക്കുന്നു .

| പ്രായം | ജനസംഖ്യ | ഒന്നാം ഡോസ് | രണ്ടാം ഡോസ് | ബാക്കി |
|---|---|---|---|---|
| 18-44 | 5333 | 5291 | 5211 | 42 |
| 45-59 | 3644 | 3581 | 3541 | 63 |
| 60ന് മുകളിൽ | 2999 | 2956 | 2912 | 43. |
| ആകെ | 11976 | 11828 | 11664 | 148. |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സംരക്ഷണ ഭിത്തി നിർമ്മാണത്തിന് എർത്ത് വർക്ക് എസ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ തൻവർഷം ചെയ്ത താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട സംരക്ഷണ ഭിത്തി നിർമ്മാണത്തിനുമുള്ള എർത്ത് വർക്ക് എസ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/$m^3$ (സ്പെസിഫിക്കേഷൻ കോഡ് -11.1.1.1) ആണ്. ഇത് എർത്ത് വർക്ക് എസ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് എന്നതിനുള്ള നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുമുള്ള എർത്ത് വർക്ക് എസ്കവേഷന് അനുവദനീയമായ നിരക്ക് 259.29/$m^3$ (MoRDസ്പെസിഫിക്കേഷൻ കോഡ് -3.5.1 അല്ലെങ്കിൽ CPWD സ്പെസിഫിക്കേഷൻ കോഡ്- 2.8.1)) ആണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെപേര് സാങ്കേതികനുമതി നമ്പർ | കരാറുകാരൻ | അനുദിച്ച തുക/അളവു പുസ്തകം | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|
| 1 | പാറശ്ശേരി മുതൽ വാലയിൽ വരെ റോഡ് കോൺക്രീറ്റും കല്ലുകെട്ടും | സിനോജ് ജേക്കബ് | 8.80$m^3$ @553.17 =4868 32/AE/CKLM | 8.80$m^3$ @259.29 = 2282 | 2586 | ബിൽ നം. 62/30-03-21 രൂപ 298781/- |
| 2 | വിവിധ വാർഡുകളിൽ കേടുപാടു വന്ന റോഡ് Berm Filling പാർശ്വഭിത്തി നിർമ്മാണം | സജിമോൻ. ഇ.ബി | 13.85 $M^3$ @ 553.17 = 7659 67/19 | 13.85$m^3$ @259.29 = 3591 | 4068 | ബിൽ നം 5/18-04-20/രൂപ 327460/- |
| 3 | 12 ൽ ചിറ റോഡിൽ നിന്നും മണ്ണുത്രചിറ വരെ നടവഴി കല്ലുകെട്ടി വഴി നിർമ്മാണം | വരുൺരാജ് | 6.24 $M^3$ @528.76 = 3300 78/19 (ടെണ്ടർ വ്യതിയാനം കുറച്ചശേഷമുള്ള നിരക്ക്) | 6.24$m^3$ @259.29 = 1618 | 1682 | ബിൽ നം 19/19-05-20രൂപ 115945/- |

| | | | | | | |
|---|---|---|---|---|---|---|
| 4 | അമ്മൻതോട് കിഴക്കേ സൈഡ് കല്ലുകെട്ടി പാടശേഖരത്തിന്റെ ബണ്ട് നിർമ്മാണം | വടകര വരുൺ രാജ് | 11.48 $M^3$ @496.75 = 5703 80/19-20 (ടെണ്ടർ വ്യതിയാനം കുറച്ചശേഷമുള്ള നിരക്ക്) | $11.48m^3$ @259.29 = 2977 | 2726 | ബിൽ നം 32/8-01-21 രൂപ 23244/- |
| | | | | | 11062 +(12% GST) 1327 | |
| | | | ആകെ | | 12389 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം17/--12-21) സൈറ്റുകളിൽ 11.1.1.1 എന്ന സ്പെസിഫിക്കേഷൻ ആവശ്യമായതിനാലാണ് ടി ഐറ്റം ഉൾപ്പെടുത്തിയതെന്നാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. ഈ സ്പെസിഫിക്കേഷൻ പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എസ്കവേഷനുള്ള നിരക്കാണ്. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 20-21 | 150000 | പാലുല്പാദന ബോണസ് | 150000 | 0 |
| | | 174000 | സ്കോളർഷിപ്പ് | 174000 | 0 |
| | | 100000 | അംഗൻവാടിപോഷകാഹാരം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 200000 | സ്കോളർഷിപ്പ് | 200000 | 0 |
| | | 109000 | അംഗൻവാടിപോഷകാഹാരം | 109000 | 0 |
| | | 150000 | പാലിയേറ്റീവ് കെയർ | 100000 | 50000 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | ട്യൂബ് വെൽ | 94/02-11-20 | 650000 | 0 | 650000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ | ഉത്തരവ് | തൻവർഷം | വർഷാരംഭത്തിൽ | തൻവർഷം | വർഷാവസാനം |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | വായ്പ | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | ലഭ്യമാക്കിയില്ല | 0 | 7694118 | 2068785 | 0 | 5625333 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2018-19 | 2(1) | 1250 | ജോസഫ്.എ.ജെ, കരാറുകാരൻ | 120010100339/28-07-20 | Prior Period Income -Other Income |
| 2018-19 | 2(1) | 250 | അർച്ചന, OA, CHC | 1210010100466/27-08-20 | ടി |
| 2018-19 | 2(1) | 500 | ആന്റണി.പി.ജോസഫ് | 120010100510/11-09-20 | ടി |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014/15 | 2.1 | 2017/17 | 2.1 | തൊഴിൽ നികുതി | മുത്തൂറ്റ് ഫിനാൻസിന്റെ അർദ്ധവർഷ സ്ഥാപന നികുതി 22.7.19 ന് 119010100521 പ്രകാരം ഒടുക്കി ബാക്കി സ്ഥാപനങ്ങൾക്ക് നോട്ടീസ് അയച്ചിട്ടുണ്ട് |
| 2015/16 | 2.2 | 2016/17 | 2.2 | തൊഴിൽ നികുതി | |
| 2016/17 | 2.6 | 2017/18 | 2.6 | റിസോർട്ടുകളുടെ കെട്ടിട നികുതി വർദ്ധനവ് | സർക്കാരിന് കത്തയച്ചിട്ടുണ്ട് |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54584540 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56285264 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12389 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 867284 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 12389 | ബിന്ദുമോൾ.കെ, അസിസ്റ്റന്റ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 650000 | ആഷ്‌ലി നായർ , സെക്രട്ടറി |
| 1-33 | 182320 | ഡോ. സ്മിത എം നായർ,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-34 | 34964 | ഡോ.ആദർശ്.കെ<br>മെഡിക്കൽ ഓഫീസർ ( CHC) |
| ആകെ | 867284 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആഷ്‌ലി നായർ, സെക്രട്ടറി | സെക്രട്ടറി,<br>പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് | ശ്രീവിലാസ്,<br>രാമങ്കരി.പി.ഒ, ആലപ്പുഴ |
| ഡോ.സ്മിത.എം.നായർ,<br>മെഡിക്കൽ<br>ഓഫീസർ(ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ),<br>ചമ്പക്കുളം | മണിമംഗലത്ത് നന്ദനം<br>MO വാർഡ്, ആലപ്പുഴ- 1 |
| ഡോ.ആദർശ്.കെ<br>മെഡിക്കൽ ഓഫീസർ (CHC) | മെഡിക്കൽ ഓഫീസർ<br>(CHC)ചമ്പക്കുളം | അപ്പൂസ്, കോടൈചാലിൽ, നെല്ലിക്കോട്.പി.ഒ,<br>കോഴിക്കോട് |
| ബിന്ദുമോൾ.കെ,<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ,<br>ചമ്പക്കുളം ഗ്രാമപഞ്ചായത്ത് | നരിയിൽ ഹൗസ്, മണ്ണഞ്ചേരി,<br>ആലപ്പുഴ - 688538 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ജി എ-5-1832/11/17.1.2002 |
| 1997-98 | എൽ എഫ് ജി എ-5-1832/11/21.1.2002 |
| 1998-99 | എൽ എഫ് ജി എ-5-1832/11/19.1.2002 |
| 1999-2000 | എൽ എഫ് ജി എ-5-1832/11/24.1.2002 |
| 2000-01 | എൽ എഫ് ജി എ-5-1832/11/24.1.2002 |
| 2001-02 | എൽ എഫ് ജി എ-5-1832/11/25.1.2002 |
| 2002-03 | എൽ എഫ് ജി എ-5-1832/11/23.1.2002 |
| 2003-04 | എൽ എഫ് ജി എ-5-1832/11/23.1.2002 |
| 2004-05 | എൽ എഫ് ജി എ-5-1832/11/23.1.2002 |
| 2005-06 | എൽ എഫ് ജി എ-5-1832/11/31.1.2002 |
| 2006-07 | എൽ എഫ് ജി എ-5-1577/14/16.01.2014 |
| 2007-08 | എൽ എഫ് ജി എ-5-1577/14/16.01.2014 |
| 2008-09 മുതൽ 2010-11 വരെ | എൽ എഫ് ജി എ-5-1577/14/16.01.2014 |
| 2011-12 | എൽ.എഫ്.എ.പി.1/496/2014/04.07.2014 |
| 2012-13 | എൽ.എഫ്.എ.പി.1/130/15/21.04.2015 |
| 2013-14&2014-15 | കെ.എസ്.എ. എ.എൽ.പി.പി.1/1472/15/ 25.11.2015 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി.1-27/17 തീയതി26-09-17 |
| 2016-17 | കെ.എസ്.എ. എ.എൽ.പി./പി.1 1130/2017 /11.09.2017 |
| 2017-2018 | കെ.എസ്.എ-എ.എൽ.പി/പി1-61/21 തീയതി, 07.02.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി1-316/21 തീയതി, 14.5.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി1-345/21 തീയതി, 31-03-21 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്